പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെകാര്യാലയം,
ഹയർസെക്കണ്ടറി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിംഗ്,
തിരുവനന്തപുരം-1

**No. ICT Cell/1771/2/DGE_HSS/2020** **17th August 2020**

## സർക്കുലർ

**വിഷയം : ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കുന്നതിനെ സംബന്ധിച്ച് അപേക്ഷകർക്കുള്ള തുടർ നിർദ്ദേശങ്ങൾ.**

സൂചന : 1) GO(Rt)No.2356/2020/G.Edn dated 27/07/2020

2.) ഇതേ നമ്പറിലെ 12/8/2020 ലെ സർക്കുലർ

സൂചന 1 പ്രകാരം സർക്കാർ അംഗീകരിച്ച പ്രോസ്പക്ടസിലെ ഖണ്ഡിക 6 , 7 എന്നിവയിൽ നിഷ്കർഷിച്ച രീതിയിൽ ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കുവാനുള്ള വിശദ നിർദ്ദേശങ്ങൾ സൂചന 2 സർക്കുലർ പ്രകാരം നൽകിയിരുന്നു. ഖണ്ഡിക 6 -ൽ നിർദ്ദേശിക്കും പ്രകാരം, അപേക്ഷാവിവരങ്ങൾ പരിശോധന,ട്രയൽ അലോട്ട്മെൻറ് പരിശോധന, ഓപ്ഷൻ പുന:ക്രമീകരണം, അലോട്ട്മെൻറുകളുടെ പരിശോധന, പ്രവേശനത്തിനു വേണ്ടിയുള്ള രേഖകൾ സമർപ്പിക്കൽ, ഫീസ് ഒടുക്കൽ തുടങ്ങിയ പ്രവേശനവുമായ ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും **ക്യാൻഡിഡേറ്റ് ലോഗിനിലൂടെയാണ് അപേക്ഷകർ നിർവഹിക്കേണ്ടത്.**

**നിലവിൽ അപേക്ഷാസമർപ്പണം പൂർത്തീകരിച്ചവർക്ക് അപേക്ഷയിൽ തിരുത്തലുകളോ ഉൾപ്പെടുത്തലുകളോ ആവശ്യമെങ്കിൽ മാത്രം 2020 ആഗസ്റ്റ് 20 ന് മുൻപ് ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിച്ച് തിരുത്തലുകൾ/ഉൾപ്പെടുത്തലുകൾ രേഖപ്പെടുത്തി അപേക്ഷയുടെ അന്തിമ കൺഫർമേഷൻ ഉറപ്പാക്കിയാൽ മതിയാകുന്നതാണ്. മറ്റുള്ള എല്ലാ അപേക്ഷകരും ട്രയൽ അലോട്ട്മെൻറിനു മുൻപായി(2020 ആഗസ്റ്റ് 24 ന് മുൻപ് )ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കേണ്ടതാണ്.**

**അപേക്ഷാസമർപ്പണവേളയിൽ രണ്ട് വ്യത്യസ്ത ഇടങ്ങളിൽ മൊബൈൽ നമ്പർ രേഖപ്പെടുത്തിയപ്പോഴും ശരിയായ നമ്പർ നൽകാതെ അപേക്ഷ സമർപ്പിച്ചവർക്ക്** ഒ.റ്റി.പി ലഭിക്കാത്തതിനാൽ ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കാൻ കഴിയുന്നില്ല എന്ന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ **ശരിയായ മൊബൈൽ നമ്പർ അപേക്ഷയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷകനും രക്ഷിതാവും ഒപ്പു വച്ച** പ്രത്യേക **അപേക്ഷയും(അപേക്ഷയിൽ അപേക്ഷാനമ്പർ, സ്കീം,രജിസ്ടർ നമ്പർ, വിജയിച്ച വർഷം ,ജനനത്തീയതി,ശരിയായ മൊബൈൽ നമ്പർ എന്നിവ** തെറ്റില്ലാതെ **രേഖപ്പെടുത്തിയിരിക്കണം) ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ കോപ്പിയും,അപേക്ഷാർത്ഥിയുടെ ആധാറിൻെറ കോപ്പിയും ഉൾപ്പടെ സ്കാൻ ചെയ്ത്** **ictcelldhse@gmail.com** എന്ന **ഇ-മെയിലേയ്ക്ക് അയയ്ക്കണം.** മെയിലിനു ലഭിക്കുന്ന മറുപടിയിലെ നിർദ്ദേശാനുസരുണം തുടർപ്രവർത്തനങ്ങൾ നിർവഹിക്കേണ്ടതാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**